(സി) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ നടുവിൽ പഞ്ചായത്തിലെ ഉത്തൂർ ട്രൈബൽ കോളനിയും പയ്യാവൂർ പഞ്ചായത്തിലെ കാഞ്ഞിരക്കൊല്ലിയിലെ ട്രൈബൽ കോളനിയും കോർപ്പസ് ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് വൈദ്യുതീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 2004-2005 വർഷം പട്ടികവർഗ്ഗ ഉപപദ്ധതി കോർപ്പസ് ഫണ്ടിൽ വകയിരുത്തിയിട്ടുള്ള തുക 1879.76 ലക്ഷം രൂപയാണ്.

(ബി) 2005 ഫെബ്രുവരി 28 വരെ ഈ പദ്ധതിയിൽ നിന്നും 1424.48 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കോളനികളുടെ വൈദ്യുതീകരണം, കുടിവെള്ള പദ്ധതികൾ, കോളനി റോഡുകൾ അടിവൃദ്ധിപ്പെടുത്തലും ടാറിംഗും, നടപ്പാലങ്ങളുടെ നിർമ്മാണം, ചെറുകിട ജലസേചന പദ്ധതികൾ, സൊസൈറ്റികൾക്ക് ധനസഹായം, പ്രീ-മെട്രിക് ഹോസ്റ്റലുകൾ/ഏകാദ്ധ്യാപക/നഴ്സറി സ്കൂളുകൾ എന്നിവയ്ക്കും അടിസ്ഥാന സൗകര്യ വികസനം, അപ്രന്റീസ് ക്ളാർക്കുകളുടെ ഓണറേറിയം എന്നീ പരിപാടികൾക്കുമായിട്ടാണ് ഈ തുക ചെലവഴിച്ചിരിക്കുന്നത്.

(സി) ഈ ട്രൈബൽ കോളനികൾ വൈദ്യുതീകരിക്കുന്നതിനുള്ള വിശദമായ പ്രോജക്റ്റ് പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് പട്ടികവർഗ്ഗ ഉപപദ്ധതി പരിപാടികൾ നടപ്പാക്കുന്നതിന്റെ മാർഗ്ഗ രേഖകൾക്ക് വിധേയമായി നടപടികൾ സ്വീകരിക്കുന്നതാണ്.

ആത്മഹത്യ ചെയ്ത രജനി എസ്. ആനന്ദ് എന്ന വിദ്യാർത്ഥിനിയുടെ കുടുംബത്തിന് നഷ്ടപരിഹാരം

139 [3193] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവും, സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആത്മഹത്യ ചെയ്ത രജനി എസ്. ആനന്ദ് എന്ന വിദ്യാർത്ഥിനിയുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകണമെന്നും സഹോദരന് സർക്കാർ ജോലി നൽകണമെന്നും പട്ടികജാതി വികസന ഡയറക്ടർ ശുപാർശ നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഡയറക്ടറുടെ ശുപാർശ അംഗീകരിച്ച് രജനിയുടെ കുടുംബത്തിന് ആനുകൂല്യം നൽകാൻ തയ്യാറാകുമോ?

ഉത്തരം

(എ—സി) ഉണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly